**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3347** 23.06.2014-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് ബോർഡിന്റെ രൂപീകരണം

ചോദ്യം

**ശ്രീ. പി.എ.മാധവൻ**
**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം.പി.വിൻസെന്റ്**

(എ) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഉദ്യോഗസ്ഥരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

മറുപടി

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) യും (ബി) യും (സി) യും (ഡി) യും സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ശ്രീ. റ്റി.എസ്. ആർ.സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 82/2011, WP(C)No. 234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31.10.2013-ൽ പുറപ്പെടുവിച്ച പൊതു വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 05.05.2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 107/2014/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ജീവനക്കാർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ